

ഒക്ടോബർ 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ എപ്പിസ്ക്കോപ്പാമാരായി അഭിഷേകം ചെയ്യപ്പെടുന്നതിന് ദിവ്യശ്രീമാന്മാരായ സാജു സി. പാപ്പച്ചൻ, ഡോ. ജോസഫ് ഡാനിയേൽ, മാത്യു കെ. ചാണ്ടി എന്നീ കശ്ശീശന്മാരെ 2023 ആഗസ്റ്റ് 30 ന് കൂടിയ സഭാ പ്രതിനിധി മണ്ഡലയോഗം തിരഞ്ഞെടുത്തുവല്ലോ. ഒക്ടോബർ മാസം 2-ാം തീയതി തിങ്കളാഴ്ച രാവിലെ 8 മണിക്ക് റാന്നി പഴവങ്ങാടിക്കര ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ വച്ച് ഈ വൈദികർക്ക് റമ്പാൻ സ്ഥാനം നൽകുന്നതും, ഡിസംബർ മാസം 2-ാം തീയതി ശനിയാഴ്ച രാവിലെ 7. 30 ന് തിരുവല്ലായിൽ വച്ച് അവരെ എപ്പിസ്ക്കോപ്പാമാരായി അഭിഷേകം ചെയ്യുന്നതുമാണ്. പ്രസ്തുത വിവരം 108-ാം നമ്പർ സർക്കുലറിലൂടെ ഏവരെയും അറിയിച്ചിട്ടുണ്ടല്ലോ. നിയോഗ സ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്നവർ ഈ തിരെഞ്ഞടുപ്പ് ദൈവവിളിയായി സ്വീകരിച്ച് ആയുഷ്ക്കാലം മുഴുവൻ സഭയിൽ നിയോഗിക്കപ്പെടുന്ന ശുശ്രൂഷകൾക്ക് സ്വയം സമർപ്പിക്കുവാൻ ദൈവം അവർക്ക് കൃപ നൽകട്ടെയെന്ന് നമുക്കേവർക്കും പ്രാർത്ഥിക്കാം. എപ്പിസ്ക്കോപ്പൽ തെരഞ്ഞെടുപ്പിനായി ഏകാത്മാവിൽ പ്രാർത്ഥിച്ചതുപോലെ നിയോഗിതർക്ക് ദൈവകൃപ ലഭിക്കുന്നതിനും നിയോഗ ശുശ്രൂഷകൾ സഭയ്ക്ക് അനുഗ്രഹകരമാകുന്നതിനും ഏവരും തുടർന്നും മുട്ടിപ്പായി നിരന്തരം പ്രാർത്ഥിക്കണം. 2023 ഒക്ടോബർ 1, നവംബർ 26 എന്നീ ഞായറാഴ്ചകൾ പ്രത്യേക പ്രാർത്ഥനയ്ക്കായി വേർതിരിക്കുകയും ചെയ്യണം.

ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തികളായ രാജ്യങ്ങളുടെ നേതാക്കളുടെ സംഗമമായ ജി-20 ഉച്ചകോടി സെപ്തംബർ 9, 10 തീയതികളിൽ ഡൽഹി പ്രഗതി മൈതാനത്ത് വെച്ച് ഇന്ത്യയുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കപ്പെട്ടു. ആതിഥേയ രാഷ്ട്രം എന്ന നിലയിൽ ഇന്ത്യയുടെ സംഘടനാശേഷിയും നേതൃപാടവവും വിളിച്ചറിയിച്ച ഒരു സമ്മേളനം കൂടിയായിരുന്നു ജി-20. യുക്രൈൻ വിഷയത്തിൽ ചേരിതിരിഞ്ഞ അംഗരാജ്യങ്ങൾക്കിടയിൽ സമവായമുണ്ടാക്കാൻ ജി-20 ഉച്ചകോടിയിൽ സാധിച്ചു എന്നത് വലിയ നേട്ടമായി രാഷ്ട്രീയ നേതൃത്വങ്ങൾ കണക്കാക്കുന്നു. ആതിഥേയ രാജ്യം എന്ന നിലയിൽ, ആഗോളതലത്തിൽ ഇന്ത്യയുടെ ആവശ്യങ്ങളും സാധ്യതകളും ശ്രദ്ധിക്കപ്പെടുവാനും, അതിനു വേണ്ടി ആശയസംവേദനം നടത്തുവാനുമുള്ള അവസരം കൂടിയായിരുന്നു ജി-20. എന്നാൽ ഇത്തരം വൻകിട സമ്മേളനങ്ങൾക്ക് വേണ്ടി മോടികൂട്ടലിനും നഗര സൗന്ദര്യവത്ക്കരണത്തിനുമായി ചെലവിട്ടത് കോടികളാണെന്നത് ഇതിന്റെ മറുവശം കൂടിയാണ്. ആഗോള സാമ്പത്തിക ശക്തികളുടെ സംഗമത്തിനായി ദരിദ്രരെ ഒഴിപ്പിക്കുന്നതും അവരുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നതും അത്യന്തം ഗുരുതരങ്ങളായ പ്രശ്നങ്ങൾ തന്നെയാണ്. ഇവ പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2023 ജൂലൈ 18-ന് പുറത്തിറക്കിയ ദേശീയ ബഹുമുഖ ദാരിദ്ര്യ സൂചിക സംബന്ധിച്ച അവലോകന റിപ്പോർട്ടിൽ 2015-16 നും 2019-നും ഇടയിൽ ഇന്ത്യയിലെ ബഹുമുഖ ദാരിദ്ര്യം കുത്തനെ കുറഞ്ഞതായി നീതി ആയോഗ് അവകാശപ്പെടുന്നുണ്ട്. എന്നാൽ ദരിദ്രവിഭാഗങ്ങൾക്ക് മിക്ക സേവനങ്ങളും ഉപയോഗിക്കപ്പെടാത്തതിനാൽ ഉയർന്ന വാങ്ങൽ ശേഷിയിൽ നിന്നുള്ള പ്രയോജനം അവർക്ക് ലഭിക്കുന്നില്ല. അതിനാൽ, ദരിദ്രരെ സംബന്ധിച്ചിടത്തോളം, വ്യക്തിയുടെ വാങ്ങൽശേഷി നിബന്ധനകൾക്ക് പ്രസക്തിയില്ലെന്ന് മാത്രമല്ല, അവ അവരുടെ യഥാർത്ഥ ദാരിദ്ര്യം മറച്ചുവക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, നിതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ റിപ്പോർട്ട്, 2023-ന്റെ നിഗമനങ്ങൾക്ക് പുനർവ്യാഖ്യാനം ആവശ്യമാണ്.

രാജ്യത്തെ പ്രതിശീർഷ വരുമാനം വർധിച്ചിരുന്നാലും ദാരിദ്ര്യം തുടച്ചുനീക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ഒരു രാഷ്ട്രമെന്ന നിലയിൽ നാം പരാജയപ്പെടുകയാണ്.

ഏറെക്കാലമായി രാജ്യം കാത്തിരുന്ന വനിതാ സംവരണത്തിനുള്ള ഭരണഘടന ഭേദഗതി ബിൽ ലോക്സഭയിലും രാജ്യസഭയിലും ഭരണ-പ്രതിപക്ഷ കക്ഷികൾ ഏകോപിച്ച് പാസ്സാക്കി. ലോക്സഭയിലും നിയമസഭകളിലും 33% സീറ്റ് വനിതകൾക്കായി സംവരണം ചെയ്യുന്നതാണു ബിൽ. സെൻസസും മണ്ഡല പുനഃക്രമീകരണവും കഴിഞ്ഞ് 2029 ൽ മത്രമെ ഇത് നിലവിൽ വരികയുള്ളു എന്നത് ഒരു പോരായ്മയായി കരുതുന്നവരുമുണ്ട്. എന്നിരുന്നാലും ഇന്ത്യൻ ജനാധിപത്യത്തിൽ ഇത് ഒരു നാഴികക്കല്ലായി രാജ്യത്തിന്റെ ചരിത്രത്തിൽ ഇടം പിടിക്കുമെന്നതിന് സംശയമില്ല. സമൂഹത്തിലും സഭയിലും വനിതകൾക്ക് അർഹമായ പ്രാധാന്യം നല്കി നിയമനിർമ്മാണം മൂലം അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും അർഹമായ സ്ഥാനങ്ങൾ നല്കി ആദരിക്കുകയും വേണം. തുല്യതയുടെയും നീതിയുടെയും രാഷ്ട്രീയമാണ് വനിതാ സംവരണത്തിന്റെ കാതൽ. നമ്മുടെ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക തൊഴിൽ മണ്ഡലങ്ങളിൽ വിസ്മയാവഹമായ മാറ്റങ്ങൾ വരുത്താൻ പുതുതായി ഭരണരംഗത്തെത്തുന്ന വനിതകൾക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ കുറെ നാളുകളായി നമ്മുടെ ചർച്ചകളിൽ നിറഞ്ഞുനിൽക്കുന്നു. അതിൽ പ്രധാനമായി ഉന്നയിക്കുന്നത്, ഉന്നത വിദ്യാഭ്യാസരംഗത്തെ മൂല്യച്യുതിയും കോളേജുകളിൽ മതിയായ വിദ്യാർത്ഥികളില്ലാതെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതുമാണ്. സീറ്റുകൾ തുടർച്ചയായി ഒഴിഞ്ഞു കിടന്നാൽ കോളജുകൾ പൂട്ടുന്ന സാഹചര്യത്തിലെത്തും എന്ന തലത്തിലും ആശങ്കകളുണ്ട്. മറ്റേത് രംഗം പോലെയും, കോവിഡാനന്തര കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം പലവിധ വെല്ലുവിളികൾ നേരിടുന്നു എന്നത് വസ്തുതയാണ്. കോവിഡാനന്തരകാലത്ത്, വിദ്യാർത്ഥികളുടെ സ്വഭാവങ്ങളിലും അഭിരുചികളിലും കാഴ്ചപ്പാടുകളിലും മനോഭാവങ്ങളിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട് എന്നതും ശരിയാണ്. എന്നാൽ ചില പ്രത്യേക ഐച്ഛിക വിഷയങ്ങളിൽ വിദ്യാർത്ഥികൾ കുറയുന്നതിനെ പർവ്വതീകരിച്ച്, കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം അപ്പാടെ തകരുന്നു എന്നാരോപിക്കുന്നത് ശരിയാണോയെന്ന് ചിന്തിക്കണം. ഒരുപക്ഷെ സമീപഭാവിയിൽ വിദേശ രാജ്യങ്ങളിലേക്കുള്ള കുത്തൊഴുക്ക് അവസാനിച്ചാലും കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം നിലനിൽക്കേണ്ടത് ആവശ്യമാണ്.

കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധ സ്ഥിരീകരിച്ചതോടെ സംസ്ഥാനം വീണ്ടും പകർച്ചവ്യാധിയുടെ ഭീതിയിലകപ്പെട്ടിരിക്കുകയാണല്ലോ. അതിവ്യാപനശേഷിയുള്ള വൈറസ് ബാധയെ പ്രതിരോധിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. അതിവേഗം പടർന്നു പിടിക്കുന്ന സാംക്രമികരോഗങ്ങളുടെ കാലം കഴിഞ്ഞു എന്ന് ചിന്തിച്ചു ആശ്വസിക്കുവാൻ നമുക്കാവില്ല. കഴിഞ്ഞ കാലങ്ങളിൽ വിജയകരമായി നാം നേരിട്ട ഇത്തരം വെല്ലുവിളികൾ വീണ്ടും തിരിച്ചുവരുമ്പോൾ എന്തൊക്കെയാണ് മുൻകരുതലുകൾ വേണ്ടത്, എങ്ങനെയാണ് വൈറസ് ബാധയുണ്ടാവുന്നത്, രോഗത്തെ എങ്ങനെ പ്രതിരോധിക്കാം എന്നിവയൊക്കെ നാം കൂട്ടായി ചിന്തിക്കണം. മാലിന്യ നിർമ്മാർജ്ജനം പ്രത്യേക ശ്രദ്ധയും കരുതലും ആവശ്യമായിരിക്കുന്ന മേഖലയാണ്. നമ്മുടെ ഉത്തരവാദിത്വങ്ങളെ തിരിച്ചറിഞ്ഞ് നമുക്ക് കൂടുതൽ ജാഗരൂകരാകാം.

കേരള സർക്കാരിന്റെ പ്രത്യേക താല്പര്യപ്രകാരം കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയിൽ ആരംഭിച്ച മാർ ക്രിസോസ്റ്റം ചെയറിന്റെ അധ്യക്ഷനായി പ്രശസ്ത ഹംഗേറിയൻ പണ്ഡിതൻ ഡോ. ഇസ്ത്വാൻ പെർസെൽ നിയമിതനായി. ബൈസാന്റിയൻ ചരിത്രത്തിലും ആദിമ ക്രിസ്ത്യാനിറ്റിയിലും അവഗാഹമായ പാണ്ഡിത്യമുള്ള ശ്രീ. പെർസെൽ നിലവിൽ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയിലെ പഠന വിഭാഗത്തിലെ മേധാവിയാണ്. കഴിഞ്ഞ വർഷം ആരംഭം കുറിച്ച മാർ ക്രിസോസ്റ്റം ചെയർ ഊന്നൽ നല്കുന്നത് ഇന്ത്യയിലെ ക്രിസ്തുമതം, താരതമ്യ ദൈവശാസ്ത്രം, മതവും തത്ത്വചിന്തയും, മതേതര പഠനങ്ങൾ, സാംസ്കാരിക പഠനങ്ങൾ തുടങ്ങിയ വിഷയങ്ങളാണ്. ചെയറിന്റെ ആഭിമുഖ്യത്തിൽ വാർഷിക പ്രഭാഷണങ്ങൾ, ഗവേഷണം, കോൺഫറൻസുകൾ, സിമ്പോസിയങ്ങൾ എന്നിവയും നടത്തപ്പെടുന്നതാണ്.

സെപ്തംബർ മാസം 15 മുതൽ 25 വരെ യു. എ. ഇ. യിലുള്ള ഏതാനും ഇടവകകൾ സന്ദർശിക്കുന്നതിന് സാധിച്ചു. ദുബായിലുള്ള രണ്ട് ഇടവകകളിലും, റാസൽഖൈമ, ഷാർജ എന്നീ ഇടവകകളിലും വിവിധ പരിപാടികളിൽ സംബന്ധിച്ചു. യു. എ. ഇ സെന്റർ യുവജനസഖ്യത്തിന്റെ മീറ്റിംഗിന് നേതൃത്വം നല്കി. ഇവയെല്ലാം ഏറെ ഹൃദ്യത നല്കുന്ന അനുഭവങ്ങളായിരുന്നു. കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിലുള്ള പ്രവർത്തനങ്ങൾക്ക് ഇനിയും കൂടുതൽ ശക്തീകരണം നല്കണം. ആരാധനയുമായും ഇടവകകളുമായും അവരെ ചേർത്ത് നിർത്തേണ്ടതുണ്ട്. 2024 മേയ് മുതൽ ദുബായ്, ഷാർജ, അബുദാബി എന്നീ ഇടവകകളിൽ ഓരോ യൂത്ത് ചാപ്ലയിന്മാർ വീതം പ്രവർത്തിക്കുവാൻ താല്പര്യപ്പെട്ട് ക്രമീകരണം ചെയ്തുവരുന്നു. സംഘടനാ തലത്തിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി ഇടവകകളുടെ ആകമാന വളർച്ചയെ ത്വരിതപ്പെടുത്തേണ്ടതുണ്ട്. പ്രവാസ ഭൂമിയിൽ നമ്മുടെ ജനങ്ങൾ കടന്നുപോകുന്ന പ്രതിസന്ധികളിൽ സഭ അവരോടൊപ്പമുണ്ടെന്ന

ബോധ്യം നല്കേണ്ട ഉത്തരവാദിത്വം സഭയ്ക്കുണ്ട്. അതിനുതകുന്ന പ്രവർത്തനപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണ് ആവശ്യം.

ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ പതിഞ്ചാമതു അസംബ്ലി സെപ്തംബർ 27 മുതൽ ഒക്ടോബർ 4 വരെ കോട്ടയത്ത് നടക്കുന്നു. പ്രധാന ചിന്താവിഷയം 'ദൈവമേ, അവിടുത്തെ ആത്മാവിൽ ഞങ്ങളെ പുതുക്കേണമേ, സൃഷ്ടിയെ പുനഃസ്ഥാപിക്കേണമേ' എന്നതാണ്. ഇപ്രകാരമുള്ള ഓരോ എക്യുമെനിക്കൽ വേദിയും സഭകൾ തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്തുന്നതിനോടൊപ്പം മറ്റ് മതങ്ങളോടും പ്രത്യയശാസ്ത്രങ്ങളോടും സംവദിക്കേണ്ടതിന്റെ ആവശ്യകതയും ഓർമ്മിപ്പിക്കുന്നു. പൊതു സമൂഹത്തെ മൊത്തത്തിൽ ബാധിക്കുന്ന വിവിധ വിഷയങ്ങളെയും പ്രശ്നങ്ങളെയും കുറിച്ച് ചിന്തിക്കാൻ ഇത്തരം കൂടിവരവുകൾ നമ്മെ സഹായിക്കും എന്നതിന് സംശയമില്ല. മാർത്തോമ്മാ സഭയും പ്രസ്തുത അസംബ്ലിയുടെ ആതിഥേയരായ മറ്റ് അംഗ സഭകളോട് ചേർന്ന് പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. ഈ കൂടിവരവ് ഏഷ്യയിലെ ക്രൈസ്തവ സമൂഹത്തിനാകമാനം നവദർശനത്തിനും പുനരർപ്പണത്തിനും മുഖാന്തിരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ തിരുവനന്തപുരം-കൊല്ലം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ അഞ്ചലിൽ നടത്തപ്പെടുന്ന മാർത്തോമ്മാ ഐ. റ്റി. ഐ യ്ക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സിന്റെ ഐ. എസ്. ഒ സർട്ടിഫിക്കേഷൻ ലഭിച്ചു. കേരളത്തിൽ ഐ. എസ്. ഓ. അംഗീകാരം ലഭിക്കുന്ന പ്രഥമ ഐ. റ്റി. ഐ എന്ന പദവിയും നമ്മുടെ ഐ.റ്റി.ഐ. യ്ക്ക് ലഭിച്ചു എന്നത് മികച്ച നേട്ടം തന്നെയാണ്. ഭദ്രാസന നേതൃത്വത്തെയും പ്രിൻസിപ്പാൾ, അദ്ധ്യാപകർ, മറ്റ് പ്രവർത്തകർ എന്നിവരേയും അഭിനന്ദിക്കുന്നു.

വടക്കേ ആഫ്രിക്കൻ രാജ്യമായ മൊറോക്കോയിൽ ഭൂകമ്പത്തിൽ അനേകായിരങ്ങൾ മരണമടഞ്ഞു, പതിനായിരങ്ങൾ അതിദാരുണമായി അപകടത്തിൽ പ്പെട്ടു, കണക്കാക്കാനാകാത്തവിധം സ്വത്തിനും വസ്തുവകകൾക്കും നഷ്ടം സംഭവിച്ചു. വടക്കനാഫ്രിക്കയിലെ ഏറ്റവും വലിയ രണ്ടാമത്തെ ഭൂചനലമാണിതെന്ന് കണക്കുകൾ പറയുന്നു. ദുരിതത്തിലായ ജനതകളെ സഹായിക്കാനായി ലോകരാഷ്ട്രങ്ങൾ ഒന്നടങ്കം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുന്നിട്ടിറങ്ങി എന്നത് ആശ്വാസകരമാണ്. മൊറോക്കോയ്ക്ക് വേണ്ടി നമുക്കും പ്രാർത്ഥിക്കാം.

സെറാംപൂർ ദൈവശാസ്ത്ര സർവ്വകലാശാലയുടെ രജിസ്ട്രാറായി ദീർഘ വർഷങ്ങൾ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഡോ. രവി തിവാരിയുടെ നിര്യാണം മാർത്തോമ്മാ സഭയ്ക്ക് ഒരു നഷ്ടമാണ്. വിവിധ സെമിനാരികളിൽ ദൈവശാസ്ത്ര അധ്യാപകനായിരുന്ന അദ്ദേഹം നമ്മുടെ പല പട്ടക്കാരുടെയും സെമിനാരി അദ്ധ്യാപകനായിരുന്നു. ജബൽപൂർ ലിയാനാർഡ് തിയോളോജിക്കൽ സെമിനാരിയിൽ ഞങ്ങൾ ഇരുവരും സഹപാഠികളായിരുന്നു എന്നതും ഇത്തരുണത്തിൽ ഓർക്കുന്നു. ഡോ. രവി തിവാരിയുടെ ധന്യമായ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. ദുഖാർത്ഥരായ പ്രിയപ്പെട്ടവരെ ദൈവം തമ്പുരാൻ ആശ്വസിപ്പിക്കട്ടെ.

ഒക്ടോബർ മാസത്തെ ധ്യാന വിഷയങ്ങളും വേദഭാഗങ്ങളും വ്യത്യസ്ത ജനവിഭാഗങ്ങളുടെ സാക്ഷ്യത്തെ സംബന്ധിക്കുന്നവയാണ്. ഒക്ടോബർ 1 ഞായർ, സന്നദ്ധ സുവിശേഷക സംഘദിനമായി ആചരിക്കുന്നു. 'വ്യത്യസ്ത ജീവന ഇടങ്ങളിലെ ക്രൈസ്തവസാന്നിധ്യം' എന്നതാണ് ചിന്താവിഷയം. സാന്നിധ്യം സാക്ഷ്യമായി തീരുകയാണ് ആവശ്യം. യജമാനന്റെ പ്രതിനിധി ആയി നിയമിക്കപ്പെടുന്ന കാര്യസ്ഥൻ ബുദ്ധിമാനും വിശ്വസ്തനും ആയിരിക്കണം. ബുദ്ധി എന്നത് യജമാനന്റെ ഇഷ്ടം മാത്രം ചെയ്യുന്നതും വിശ്വസ്തത സാഹചര്യസമ്മർദങ്ങൾക്ക് അപ്പുറത്തും യജമാനനോട് കൂറ് പുലർത്തുന്നതുമാണ്. സുവിശേഷത്തിലൂടെയുള്ള രക്ഷയുടെ അനുഭവത്തിന് സാക്ഷ്യം വഹിക്കാൻ മാർത്തോമ്മാ സഭാംഗങ്ങൾക്ക് ഉത്തരവാദിത്വം ഉണ്ടെന്ന് ഓർമിപ്പിക്കുവാൻ സംഘദിനാചാരണം മുഖാന്തിരമായി തീരട്ടെ.

ഒക്ടോബർ 8 ഞായറാഴ്ച ഭിന്നശേഷിക്കാരായ സഹോദരങ്ങളെ ഓർക്കുന്ന ദിവസം ആണ്. 'സൃഷ്ടികളുടെ വൈവിധ്യവും അന്തസ്സും' എന്നതാണ് ധ്യാനവിഷയം. ഉൾകരുത്തില്ലാത്തവരെയും ബലഹീനരെയും താങ്ങുവാൻ സഭക്ക് ഉത്തരവാദിത്വം ഉണ്ടെന്ന് വിശുദ്ധ പൗലോസ് ഓർമിപ്പിക്കുന്നുണ്ടല്ലോ. ശാരീരികവും മാനസികവുമായ ബലഹീനതകൾ അവ അനുഭവിക്കുന്നവരുടെ കുറ്റങ്ങൾ കൊണ്ടല്ല എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകേണ്ടതുണ്ട്. എല്ലാവർക്കും ദൈവകരുതലിന് അർഹതയും യോഗ്യതയും ഉണ്ട്. അങ്ങനെയുള്ള മനോഭാവത്തോടെ കരുതലിന്റെ ചാലകങ്ങൾ ആകുന്നത് ഭാഗ്യമാണ്. ബലഹീനർ എന്നു മുദ്ര കുത്തപ്പെട്ടവരും വ്യത്യസ്ത തലത്തിൽ കഴിവുകൾ ഉള്ളവരാണ്. അവ തിരിച്ചറിയാൻ അവരെ സഹായിക്കുന്ന ശുശ്രൂഷകൾ സഭയുടെ ഭാഗത്തു നിന്നും ഉണ്ടാകണം.

ഒക്ടോബർ 15 ഞായറാഴ്ച 'യുവജനദിന'മായി ആചരിക്കുന്നു. തുച്ഛീകരിക്കപ്പെടാത്ത യൗവ്വനമാതൃകകൾ വേദപുസ്തകം പങ്കുവയ്ക്കുന്നുണ്ടല്ലോ. ധീരത, സൗമ്യത, പ്രതിവാദം പറയാനുള്ള പരിജ്ഞാന പ്രാപ്തി, സ്വഭാവ ശുദ്ധി, ദർശനത്തെളിമ തുടങ്ങിയ സത്ഗുണങ്ങൾ പ്രാപിക്കുവാൻ നമ്മുടെ യുവജനങ്ങൾക്കു കഴിയേണ്ടതുണ്ട്. ക്രിസ്തു കേന്ദ്രീകൃതമായി നമ്മുടെ യുവജനങ്ങളെ വളർത്തിയെടുക്കാൻ

നമ്മുടെ യുവജനസഖ്യ പ്രവർത്തനങ്ങൾ മുഖാന്തിരമായി തീരട്ടെ. വചനാധിഷ്ഠിത ജീവിതങ്ങൾക്കു മാത്രമേ തകർന്നുപോകാത്ത അടിത്തറ ഉണ്ടാവുകയുള്ളൂ എന്ന വലിയ തിരിച്ചറിവാണ് ഈ ദിനാചരണം നമ്മുടെ യുവതലമുറയ്ക്ക് നൽകേണ്ടത്.

ഒക്ടോബർ 22 ഞായർ 'കുടുംബ പ്രതിഷ്ഠ'യുടെ ദിവസമായി നാം ആചരിക്കുന്നുവല്ലോ. കുടുംബം ദൈവരാജ്യത്തിന്റെ ചെറുപതിപ്പായി കാണേണ്ടതുണ്ട്. വിവാഹം എന്ന കൂദാശയിലൂടെ സ്ഥാപിതമാകുന്ന കുടുംബം, ദൈവബന്ധത്തിൽ തന്നെ നിലനിൽക്കുമ്പോൾ ആണ് ദൈവരാജ്യ മൂല്യങ്ങൾ അതിലൂടെ പ്രതിഫലിക്കപ്പെടുക. ആവിർഭവിച്ചു വരുന്ന സാഹചര്യങ്ങളിൽ ആ തീരുമാനം മാറ്റമില്ലാതെ തുടരുകയാണ് ആവശ്യം. യോശുവ 'ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും' എന്നു പറഞ്ഞതും, കൊർന്നല്യോസ് ഭവനത്തോട് ചേർന്ന് പത്രോസിന്റെ പ്രസംഗം കേട്ട്, നന്മ സ്വീകരിച്ചതും എല്ലാം മാതൃകകൾ ആണ്. കുടുംബമൂല്യങ്ങൾ തകരുന്ന കാലത്ത്, പൂർവിക മാതാപിതാക്കളും സഭയും പഠിപ്പിച്ച ദൈവീക മൂല്യങ്ങളെ നഷ്ടപ്പെട്ടു പോകാതെ ചേർത്തു പിടിക്കാൻ കുടുംബ പ്രതിഷ്ഠാ ദിനാചാരണം നമ്മെ സഹായിക്കട്ടെ.

ഒക്ടോബർ 29 ഞായർ സഭ 'കുമ്പസാരം' എന്ന കൂദാശയെ കുറിച്ചാണ് ധ്യാനിക്കുന്നത്. 'ദൈവത്തോടും മനുഷ്യരോടുമുള്ള അനുരഞ്ജനം' എന്നതാണ് ധ്യാനവിഷയം. മനുഷ്യർ പാപികൾ ആകുന്നുവെന്നും, നിരന്തരമായ അനുതാപമാണ് അവരെ ശുദ്ധീകരിക്കുന്നത് എന്നും സഭ വിശ്വസിക്കുന്നു. തങ്ങളുടെ കുറവുകൾ ഏറ്റുപറയുന്നവരോട് പരമകാരുണ്യവാനായ ദൈവം ക്ഷമിക്കുന്നു എന്നതാണ് ക്രൈസ്തവ ദൈവ ശാസ്ത്രത്തിന്റെ എറ്റവും വലിയ സൗന്ദര്യം. ദൈവം ക്ഷമിക്കുന്നതിനാൽ മനുഷ്യർ പരസ്പരം ക്ഷമിക്കാൻ കടപ്പെട്ടവരാണ്. അതുകൊണ്ട്, കർത്താവിന്റെ സഭ ഏറ്റവും വലിയ അനുരഞ്ജന സമൂഹമാണ്. ദൈവത്തോടുള്ള ബന്ധത്തിൽ പരസ്പരം ക്ഷമിച്ചും കരുതിയും മുന്നേറാൻ ദൈവം നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
26.09.2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

## അറിയിപ്പ്

നമ്മുടെ കൈതക്കുഴി സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗമായ റവ. സജി തോമസ് വൈദിക സ്ഥാനത്തിന് യോഗ്യമല്ലാതെയും സമൂഹത്തിൽ മാതൃകാപരമല്ലാതെയും പ്രവർത്തിച്ചതിനാൽ അദ്ദേഹത്തെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു. ചുമതലയിൽ നിന്നും മാറ്റി നിർത്തിയ കാലയളവിൽ വീണ്ടും അച്ചനെക്കുറിച്ച് ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചുള്ള പരാതി ലഭിച്ചു. അച്ചനെതിരായ പ്രസ്തുത പരാതിയും വിശദമായി പഠിക്കുന്നതിനും അതിലുന്നയിച്ചിരുന്ന ആക്ഷേപത്തിന്മേൽ അച്ചന്റെ വിശദീകരണം കേൾക്കുന്നതിനുമായി എപ്പിസ്ക്കോപ്പൽ സിനഡ് ഒരു അന്വേഷണ കമ്മീഷനെ നിയമിച്ചു. സിനഡ് നിയമിച്ച അന്വേഷണ കമ്മീഷന്റെ മുമ്പാകെ ഹാജരാകുവാൻ അച്ചനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മീഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും 2023 ജൂലൈ മാസം 20-ാം തീയതി കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് ആയത് അംഗീകരിക്കുകയും ചെയ്തു. എപ്പിസ്ക്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം 2023 ജൂലൈ 20 മുതൽ റവ. സജി തോമസിനെ മാർത്തോമ്മാ സഭയിൽ വൈദിക സ്ഥാനത്തിനടുത്ത എല്ലാ പദവികളിൽ നിന്നും പട്ടത്വസംബന്ധമായ സകലവിധ ചുമതലകളിൽ നിന്നും പൂർണ്ണമായി വിടർത്തിയിരിക്കുന്നു എന്ന വിവരം ഏവരെയും അറിയിക്കുന്നു.

നമ്മുടെ പുന്തല മാർത്തോമ്മാ ഇടവകാംഗമായ റവ. ജോൺ ഈശോ സലാല മാർത്തോമ്മാ ഇടവകയിൽ ചുമതലയിലിരിക്കവെ മാതൃകാപരമല്ലാതെ പ്രവർത്തിച്ചുവെന്നും അദ്ദേഹം ലഹരിപദാർത്ഥം ഉപയോഗിച്ചുവെന്നും കാണിച്ച് പരാതി ലഭിക്കുകയും ആയതിന്മേൽ ഒരു കമ്മീഷൻ അന്വേഷണം നടത്തി ആരോപണങ്ങൾ ശരിയെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ പട്ടത്വസംബന്ധമായ എല്ലാവിധ ശുശ്രൂഷകളിൽ നിന്നും അച്ചനെ വിലക്കുകയും ആസക്തിമുക്തനാകുന്നതിന് അവസരവും ഗുണദോഷവും നല്കുകയും ചെയ്തു. നാളിതുവരെ തൃപ്തികരമായ വ്യതിയാനം വന്നിട്ടില്ലാത്തതിനാൽ അച്ചൻ ഇപ്പോൾ കൗൺസിലിംഗിന് വിധേയനായി സ്വഭവനത്തിൽ കഴിയുന്നു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ മദ്ബഹായിൽ പ്രവേശിച്ച് കൂദാശകൾ അനുഷ്ഠിക്കുന്നതിന് അച്ചന് അനുവാദമുണ്ടായിരിക്കുന്നതല്ല. 2023 സെപ്റ്റംബർ 4,5 തീയതികളിൽ കൂടിയ ബഹു. എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം ഇത് ഏവരേയും അറിയിക്കുന്നു.

തിരുവല്ല
സെപ്തംബർ 26, 2023

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്താ**